# പതിനാലാം നിയമസഭ
# ഒൻപതാം സമ്മേളനം
## 2018 ഫെബ്രുവരി 05, തിങ്കൾ

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ

ചോദ്യം : **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

മറുപടി : ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി **ശ്രീ. തോമസ് ഐസക്**

| ചോദ്യം നം. T 2314 | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഏതെങ്കിലും ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ താത്പര്യപത്രം (EOI) ക്ഷണിക്കുന്നതിനു മുന്നോടിയായി പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനികളുടെ യോഗം നടത്തുകയുണ്ടായി. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, ICICI ലൊമ്പാർഡ് ഇൻഷ്വറൻസ്, യുണൈറ്റഡ് ഇന്ത്യ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്നീ കമ്പനികളുടെ പ്രതിനിധികൾ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. പ്രസ്തുത യോഗം പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിനു വേണ്ടിയുള്ളതു മാത്രമായിരുന്നതിനാൽ കമ്പനികൾ നിർദ്ദേശങ്ങളൊന്നും മുന്നോട്ടു വച്ചിരുന്നില്ല. |
| (ബി) | പ്രസ്തുത ചർച്ചയിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തു; ഒരോ കമ്പനിയും മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും ആയവ പരിശോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | |
| (സി) | സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികൾ പ്രസ്തുത സ്കീമിൽ ഉൾപ്പെടും എന്ന് വ്യക്തമാക്കാമോ; | ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ ചികിത്സാചെലവ് എന്നിവയെക്കുറിച്ചുള്ള പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ. |
| (ഡി) | സ്വകാര്യ ആശുപത്രികളെയും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ചികിത്സയ്ക്ക് മുൻകൂർ പണം അടയ്ക്കേണ്ടതുണ്ടോയെന്നും ചികിത്സാ ചെലവ് മുഴുവൻ ഇൻഷ്വറൻസ് കമ്പനി നൽകുമോയെന്നും വ്യക്തമാക്കാമോ? | |
| (ഇ) | പരമാവധി എത്ര രൂപവരെ ചികിത്സാ ചെലവ് അനുവദിക്കുമെന്ന വ്യക്തമായ വിവരം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ